# പരിശുദ്ധ കന്യകമറിയാം

ജോയിക്കുട്ടി, ടിഡ്രോയിറ്റ്

വേദപണ്ഡിതരുടേയും ചരിത്രഗവേഷകരുടേയും വിജ്ഞാനികളായ പല മഹാന്മാരുടേയും നിരവധി ഗ്രന്ഥങ്ങൾ ദീർഘകാല പഠനത്തിനു ശേഷം അവകളിൽ നിന്നു മനസ്സിലാക്കിയ സത്തകളുടെ ഒരു രത്ന ചുരുക്കമാണ് ഈ ലേഖനം.

മറിയം എന്ന വാക്ക് മിർ + റിയം എന്നാണല്ലോ. യേശുകുഞ്ഞിന് (ഉണ്ണി യേശുവിന്) കാഴ്ച കിട്ടിയ പൊന്നു, മോരു, കുന്തിരിക്കം എന്നിവയിൽ മോരു എന്നതാണല്ലോ മിർ. അതിന്റെ അർത്ഥം സുഗന്ധം എന്നല്ലോ. റിയം എന്നവാക്കിന്റെ അർത്ഥം കടൽ എന്നാണല്ലൊ. അപ്പോൾ മറിയം എന്ന വാക്കിന്റെ അർത്ഥം സുഗന്ധകടൽ എന്നാണല്ലോ. അപ്പോൾ മറിയം എന്ന് പരിശുദ്ധ കന്യകമറിയാമിന്റെ പേരിന്റെ അർത്ഥം അവൾ സുഗന്ധ കടലാണന്നാണല്ലോ.

മിർ എന്ന വാക്കിന് മലയാളത്തിൽ കമപ്പ് എന്നർത്ഥമുണ്ടല്ലോ. അപ്പോൾ കമപ്പ് കടലായിരുന്നു അവളുടെ ജീവിതമെന്നതും ശരിയാണല്ലൊ.

ഒരു ജീവിതം മുഴുവനും ശാരീരികമായും മാനസീകമായും പീഢ അനുഭവിച്ച ഏക വ്യക്തിയും പരിശുദ്ധ കന്യകമറിയാം മാത്രമാണല്ലോ.

ചരിത്രഏടുകൾ പരിശോധിക്കുമ്പോൾ മൂന്നു വയസു മുതൽ മരണം വെരെ കഷ്ടതയും പ്രയാസങ്ങളും അനുഭവിച്ച ഏക വ്യക്തിയാണല്ലോ പരിശുദ്ധ കന്യക മറിയം. മൂന്നാമത്തെ വയസ്സിൽ ദേവാലയ ജീവതമാരംഭിച്ച അവൾ ദേവാലയത്തിൽ നിന്നു കിട്ടുന്ന അപ്പ കഷണങ്ങൾ (അപ്പത്തിന്റെ നുറുക്കുകളും) വെള്ളവും കഴിച്ചായിരുന്നല്ലോ ഔസേപ്പിൻകൂടെജീവതം തുടങ്ങുന്നതുവെരെകഴിഞ്ഞിരുന്നത്. ഔസേപ്പ്പിതാവിന്റെകൂടെകഴിച്ചുകൂട്ടിയകാലംഅതിലുംകഷ്ടതയും ദാരിദ്ര്യവും നിറഞ്ഞതായിരുനെന്നാണ് ചരിത്രകാരന്മാർ പറയുന്നത്. പ്രായമുള്ള പ്രാരാബ്ധക്കാരനായ അദ്ദേഹത്തിന്റെഇളയരണ്ടുകുഞ്ഞുങ്ങളേയുംപരിപാലിച്ച്അദ്ദേഹത്തിന്റെ വസ്ത്രങ്ങളും കഴുകി ഗ്രഹകാര്യങ്ങളുമെല്ലാമായി പ്രഭാതം മുതൽ പ്രദ്രോഷം വെരെ ദിനംപ്രതി വളരെ കഷ്ടതയും പ്രയാസങ്ങളും അനുഭവിച്ചായിരുന്നു അവൾ ജീവിച്ചതെന്നാണ് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ളത്.

അപ്രതീക്ഷിതമായി പരിശുദ്ധാത്മാവിനാൽ ഗർഭിണിയായ കന്യകയായവൾ വളരെയേറെ പ്രയാസപ്പെട്ടിരുന്നതായാണ് മനസ്സിലാക്കുന്നത്. കന്യക ഗർഭിണിയാണന്നറിഞ്ഞപ്പോൾ വൃദ്ധനായ ഔസേപ്പ് ക്രൂദ്ധിതനാകുമോ എന്ന് ഭയപ്പെട്ട് ബദ്ധപ്പെട്ട് എലിശബത്തിന്റെ അടുക്കലേക്ക് ചെന്നു എന്നു നമ്മൾ സാധാരണയുള്ള വി. വേദപുസ്തകത്തിൽ വായിക്കുന്നു. അവൾ താമസിച്ചിരുന്നിടത്തു നിന്നും ശെഖര്യാവിന്റെ ഭാര്യ എലശബത്ത് താമസിച്ചിരുന്ന യെഹൂദാ മലനാട്ടിലേക്ക് ഏകദേശം മൂന്നു, നാല് ദിവസം വഴി യാത്ര ചെയ്താൽ മാത്രമേ എത്തിച്ചേരുകയുള്ള എന്ന് അറിയാമല്ലൊ. ഇത്രയും ദൂരം അവൾ വഴിയാത്ര ചെയ്യുകയെന്നത് തീർച്ചയായും വളരെയധികം ബദ്ധപ്പാടു നിറഞ്ഞ ഒരു യാത്ര ആയിരിക്കുമല്ലോ! എന്നാൽ ബ. കണിയാം പറമ്പിലച്ചന്റെ പ. വേദപുസ്തകത്തിൽ അവൾ ഉത്സാഹത്തോടെ പോയി എന്നാണ് എഴുതപ്പെട്ടിരിക്കുന്നത്. ഗബ്രിയേൽ മാലാഖ അവളോടു പറഞ്ഞത് നിന്റെ ചാർച്ചക്കാരി എലിശബത്ത് അവളുടെ വാർദ്ധ്യക്യകാലത്ത് ഗർഭിണിയായിരിക്കുന്നു; ദൈവത്തിന് ഒന്നും അസാദ്ധ്യമല്ലെന്നാണല്ലോ. അപ്പോൾ തന്റെ കസ്സിനായ എലിശബത്ത് വാർദ്ധ്യകാലത്ത് ഗർഭിണിയായിരിക്കുന്നു എന്ന സന്തോഷ വാർത്ത് അവളെ കൂടുതൽ ഉത്സാഹവതിയാക്കി എന്ന് നമ്മൾക്ക് മനസ്സിലാക്കാവുന്നതാണല്ലോ. തീർച്ചയായും എലിശബത്തിനെ കാണാൻ അവൾ ഉത്സാഹവതിയായി അല്ല അത്യുത്സാഹവതിയായി തന്നെ ആയിരിക്കുമല്ലോ പോയതും യാത്ര ചെയ്തതും. ഇത്രയും പ്രായമുള്ള തന്റെ സ്വന്തം കസ്സിൻ വാർദ്ധ്യക്യ കാലത്ത് ഗർഭിണിയാണന്ന് കേൾക്കുമ്പോൾ സാധാരണ ആർക്കും ഉണ്ടാകുന്ന മാനസീകമായ സന്തോഷം പറഞ്ഞറിയിക്കുവാൻ പാടുള്ളതല്ലല്ലോ. അപ്പോൾ ആ വാക്യം അവൾ ബദ്ധപ്പെട്ട് ഉത്സാഹവതിയായി യെഹൂദാ മലനാട്ടിലേക്ക് പോയി എന്നു വായിക്കുന്നതാണല്ലോ കൂടുതൽ ഉചിതമായിട്ടുള്ളത്. എലിശബത്തിന്റെ കൂടെയുണ്ടായിരുന്ന അവളുടെ ജീവിതം തീർച്ചയായും അവളുടെ ദീർഘമായ ജീവിതത്തിലെ ഏറ്റവും ഹൃസ്വമായ സന്തോഷ ദിനങ്ങളായി കാണാൻ സാധിക്കുമല്ലോ.

അവൾ മടങ്ങി ഓസേപ്പ് പിതാവിന്റെ അടുക്കൽ വന്നപ്പോൾ അയാളുടെ മാനസീകമായ നിലപാടിന് വളരെയധികം വ്യതിയാനം സംഭവിച്ചിട്ടുണ്ടല്ലോ. ഗർഭ ഭാരവും ഏറി വൃദ്ധന്റെ കൂടെയുണ്ടായിരുന്ന ജീവിതം വളരെ ദുരിതപൂർണ്ണമായിരുന്നു. പൂർണ്ണഗർഭിണിയായവളുടെ ബേതലഹേമിലേക്കുള്ള യാത്ര വളരെ ദുരിതകരമായിരുന്നു. ഏറെ ദിനങ്ങൾ പൂർണ്ണ ഗർഭിണിയായവൾ കഴുതപുറത്തുള്ള യാത്ര വളരെ ക്ലേശകരമായിരുന്നു. ഓസേപ്പിനെക്കൊണ്ട് ചെയ്യാവുന്നതിന്റെ പരമാവധി ഉത്തമമായിട്ടുള്ളതും ഉചിതമായിട്ടുള്ളതുമായ കാര്യങ്ങൾ ചെയ്തു എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്.

വഴിമദ്ധ്യേ, കൂരിരുൾ നിറഞ്ഞ അർദ്ധരാത്രി സമയത്ത്, പ്രസവ വേദനകൊണ്ടവൾ പിടഞ്ഞ് ബോധരഹിതയായി. ബോധരഹിതയായവളെ, അവിടെ ഒരു ഗുഹയിലാക്കിയിട്ട്, മിന്നാമിനുങ്ങിന്റെ പോലും പ്രകാശമില്ലാത്ത അവിടെ തനിച്ചാക്കിയിട്ട് ഒരു വയറ്റാട്ടി സ്ത്രീയെ അന്വേഷിച്ച് അയാൾ പോയപ്പോൾ യേശുകുഞ്ഞ് പിറന്നു. വയറ്റാട്ടിവന്നപ്പോൾ ഒരു പ്രസവം നടന്ന യാതൊരു ലക്ഷണവും അവിടെ കണ്ടില്ല. എന്നാൽ നവജാതനായ, തേജോമയനായ ഒരു ഓമന മകനെ അവിടെ കണ്ടു. അവളെ പരിശോധിച്ച വയറ്റാട്ടിക്ക് അവളുടെ വൃതമുദ്രയ്ക്ക് ഭംഗം വന്നിട്ടില്ലായെന്ന് ബോദ്ധ്യമായി. ഈ ലോകത്ത് ആരും കണ്ടില്ല; അറിഞ്ഞില്ല ആ വയറ്റിൽ കിടന്ന കുഞ്ഞ് എങ്ങിനെ വെളിയിൽ വന്നെന്ന്; അത്രയ്ക്ക് കൂരിരുൾ നിറഞ്ഞ രാത്രിയായിരുന്നു. കൂടാതെ അവൾ ബോധരഹിതയുമായിരുന്നു.

ഉണ്ണിയേശുവിനേയും അവളേയും കൊണ്ട് ആ വൃദ്ധൻ പാലായനം ചെയ്ത സ്ഥലങ്ങളിലെല്ലാം നേരിട്ട കഷ്ടതയും പ്രയാസങ്ങളും വർണ്ണിക്കാവുന്നതല്ലല്ലൊ.

തന്റെ ഓമന മകനെ തൂണിൽ കെട്ടിയിട്ടടിച്ച്, തലയിൽ മുൾകിരീടവും ചാർത്തി തലമുതൽ പാദം വെരെ രക്താഭിഷിക്തനായ അവനെ കണ്ടിട്ട് അവൾ ആരേയും ശപിച്ചില്ല, പ്രാകിയില്ല. മാടപ്രാവിനേപോലെ അവൾ ഏങ്ങലടിച്ച് പൊട്ടിക്കരഞ്ഞ് പറഞ്ഞത് "എന്മകനെ ഇവർ നിന്നെയെന്തു ചെയ്തു! നിനക്കെന്തു ഭവിച്ചു!"

മുപ്പത്തിമൂന്നര വയസ്സുള്ള തന്റെ പൊന്നോമന മകൻ പൂർണ്ണനഗ്നനായി കിടന്ന് ആണിപഴുതിലൂടെ ഒഴുക്കിയ രക്തം ക്രൂശിന്റെ ചുവട്ടിലിരുന്ന് നാല്പത്തെട്ടര വയസ്സുള്ള ആ മാതാവു കണ്ട് ഹൃദയം പൊട്ടി തേങ്ങി തേങ്ങി കരഞ്ഞു. ലോകത്തിലുള്ള ഒരു മാതാവിനേക്കൊണ്ടുപോലും സഹിക്കാൻ പാടില്ലാത്ത ക്രൂരമായ വിനോദം. മരത്തിൽ കിടന്നവൻ അതിനു വേണ്ടി ജന്മമെടുത്ത്, ജനിക്കുന്നതിന് മുൻപായി തന്നെ തയാറെടുത്ത ദൈവമായിരുന്നു. എന്നാൽ പാവം മാതാവ് പെട്ടെന്ന് ഹൃദയത്തിൽ കൂടെ വാൾ കടന്നപ്പോഴുണ്ടായ വേദന അതി കഠിനമായിരുന്നു. ഈ വേദന സഹിക്കാൻ തക്ക പാപം ഞാനെന്തു ചെയ്തു എന്നവൾ മറ്റുള്ളവരേപോലെ ആക്രോശിച്ചില്ല. ജീവിച്ചിരുന്നപ്പോഴും അതിനുശേഷവും തനിക്കുവേണ്ടി ഇത്രയുമധികം പീഢകളനുഭവിച്ചവളുടെ നമ്മൾക്കുവേണ്ടിയുള്ള മദ്ധ്യസ്ഥയാചന സ്വീകരിക്കാത്ത ദൈവമാണോ നമുക്കുള്ളത്? അവളുടെ മദ്ധ്യസ്ഥതയിൽ അപേക്ഷിക്കുന്നതിലെന്താ തെറ്റ്!

കഷ്ടതയും ദുഃഖവും രോഗവും പ്രയാസങ്ങളും അനുഭവിച്ച് ജീവിക്കുന്നവരാണല്ലോ നല്ല ക്രിസ്ത്യാനികൾ!

മുപ്പത്തിമൂന്നര വയസ്സുള്ള തന്റെ പൊന്നോമന മകൻ പൂർണ്ണ നഗ്നനായി കിടന്ന് ആണിപഴുതിലൂടെ ഒഴുക്കിയ രക്തം ക്രൂ ശിന്റെ ചുവട്ടിലിരുന്ന് നാല്പത്തെട്ടര വയസ്സുള്ള ആ മാതാവു കണ്ട് ഹൃദയം പൊട്ടി തേങ്ങി തേങ്ങി കരഞ്ഞു. ലോകത്തി ലുള്ള ഒരു മാതാവിനേക്കൊണ്ടുപോലും സഹിക്കാൻ പാടി ല്ലാത്ത ക്രൂരമായ വിനോദം. മരത്തിൽ കിടന്നവൻ അതിനു വേണ്ടി ജന്മമെടുത്ത്, ജനിക്കുന്നതിന് മുൻപായി തന്നെ ത യാറെടുത്ത ദൈവമായിരുന്നു. എന്നാൽ പാവം മാതാവ് പെ ട്ടെന്ന് ഹൃദയത്തിൽ കൂടെ വാൾ കടന്നപ്പോഴുണ്ടായ വേദന അതി കഠിനമായിരുന്നു. ഈ വേദന സഹിക്കാൻ തക്ക പാപം ഞാനെന്തു ചെയ്തു എന്നവൾ മറ്റുള്ളവരേപോലെ ആ
ക്രോശിച്ചില്ല. ജീവിച്ചിരുന്നപ്പോഴും അതിനുശേഷവും തനി ക്കുവേണ്ടി ഇത്രയുമധികം പീഡകളനുഭവിച്ചവളുടെ നമ്മൾ ക്കുവേണ്ടിയുള്ള മദ്ധ്യസ്ഥ യാചന സ്വീകരിക്കാത്ത ദൈവ മാണോ നമുക്കുള്ളത്?